പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 66 — 08.03.12 ൽ -മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ. ലതിക<br>ശ്രീ. എം.എ.ബേബി<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ.ഷിബു ബേബിജോൺ<br><br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാരിന്റെ ഭക്ഷ്യസുരക്ഷാ നിയമത്തോടുള്ള നിലപാടെന്താണെന്നറിയിക്കുമോ; | (എ) ഭക്ഷണം നിയമപരമായ അവകാശമായി പ്രഖ്യാപിക്കുകയും രാജ്യത്തെ പട്ടിണിയും ദാരിദ്രവും നിർമ്മാർജനം ചെയ്യുന്നതിനുള്ള പദ്ധതിക്ക് ഉറപ്പ് നൽകുന്ന ഭക്ഷ്യ സുരക്ഷാ നിയമത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം, നിയമത്തിൽ പ്രതിപാദിക്കുന്ന തരത്തിൽ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിയാലുണ്ടാകാവുന്ന ന്യൂനതകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇത് കേരളത്തിൽ നിലവിലുള്ള സാർവ്വത്രിക റേഷൻ സമ്പ്രദായത്തിന് ഹാനികരമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;<br><br>(സി) ഈ നിയമം നിലവിൽ വരുമ്പോൾ കേരളത്തിലെ ഒന്നേകാൽ കോടിയോളം ജനങ്ങൾ റേഷൻ സമ്പ്രദായത്തിന്റെ ആനുകൂല്യത്തിന് അർഹരല്ലാതാകുമെന്ന ആശങ്ക അകറ്റാൻ നടപടി സ്വീകരിക്കുമോ? | (ബി)<br>(സി) കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വരുമ്പോൾ കേരളത്തിൽ നിലവിലുള്ള സാർവ്വത്രിക റേഷൻ സമ്പ്രദായത്തിന് ഹാനികരമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാർവ്വത്രിക പൊതുവിതരണ സമ്പ്രദായം നിലനിർത്തുന്നതിനും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും സംസ്ഥാനങ്ങൾക്ക് അധികാരം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ